## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.589** **03.03.2020-ൽ മറുപടിക്ക്**

## മറയൂർ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

| | ചോദ്യം<br><br>ശ്രീ. എസ്.രാജേന്ദ്രൻ | | മറുപടി<br><br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിക്കപ്പെട്ട മറയൂർ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | മറയൂർ സബ്സ്റ്റേഷൻ നിർമ്മാണം ത്വരിതഗതിയിൽ പുരോഗമിക്കുന്നു. കൺട്രോൾ റൂം, അനുബന്ധ സിവിൽ എഞ്ചിനീയറിംഗ് ജോലികൾ എന്നിവ പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന ജോലികൾ മാർച്ച് മാസം ആദ്യ ആഴ്ചയിൽ ആരംഭിക്കുന്നതാണ്. 48 കിലോമീറ്റർ 33 കെ.വി ലൈൻ മൂന്നാറിൽ നിന്നും മറയൂരിലേക്ക് വലിയ്ക്കുന്നതിൽ 17 കിലോമീറ്റർ പൂർത്തിയായി. വാഗവരൈ മുതൽ മറയൂർ വരെയുള്ള 17 കിലോമീറ്റർ ലൈൻ വലിയ്ക്കുന്ന ജോലി 40% പൂർത്തീകരിച്ചു. മൂന്നാർ മുതൽ രാജമല വരെയുള്ള 14 കിലോമീറ്റർ ലൈൻ നിർമ്മാണം 10% പൂർത്തീകരിച്ചു. പള്ളിവാസലിൽ നിന്നും മൂന്നാറിലേക്കുള്ള ലൈൻ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പള്ളിവാസൽ പവർഹൗസിൽ നടപ്പാക്കേണ്ടുന്ന ജോലികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ 2020 മദ്ധ്യത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ